**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2680** **14-09-2023 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര അംഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത ആകെ അംഗങ്ങളുടെ എണ്ണം 93,202 ആണ്. |
| (ബി) | പ്രസ്തുത ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ? | (ബി) | ക്ഷേമനിധിയിൽ അംഗമായതും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തതുമായ ക്ഷേമ നിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വാർഷിക ചികിത്സാ ധനസഹായം പരമാവധി 5,000/- രൂപ വരെ നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 50,000/- രൂപ വരെ ചികിത്സാധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ വനിതാ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും 25,000/- രൂപ വിവാഹധന സഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 10,000/- രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000/- രൂപയും, അപകടമരണത്തിന് 1,00,000/- രൂപയും ധനസഹായം നൽകുന്ന മരണാനന്തരധന സഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും, പെൻഷൻ, കുടുംബപെൻഷൻ, എന്നീ പെൻഷൻ ആനുകൂല്യങ്ങളും ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അനുവദിച്ചുവരുന്നു.<br><br>ഇവ കൂടാതെ എല്ലാ വർഷവും ഓണം അലവൻസ്, ക്ഷേമനിധി അംഗങ്ങളായ വില്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ നൽകുന്ന പദ്ധതി, വഴിയോര ഭാഗ്യക്കുറി |

| | | | |
|---|---|---|---|
| | | | വില്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി എന്നീ ആനുകൂല്യങ്ങളും സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ